## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1599 14.12.2012 ൽ മറുപടിയ്ക്ക്

### കർഷകർക്ക് ബാങ്കുകൾ വഴി ധനസഹായം

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കൃഷി വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികളുടെ ധനസഹായം കർഷകർക്ക് ബാങ്കുകൾ വഴി നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) കർഷകർക്ക് ധനസഹായം ബാങ്കുകൾ വഴി നൽകുന്ന പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നുണ്ട്. അർഹമായ ധനസഹായം കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖാന്തിരം കർഷകർക്ക് അവർ ആഗ്രഹിക്കുന്ന ബാങ്കുകളിലെ അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുന്ന രീതിയാണിത്. അപേക്ഷയോടൊപ്പം തന്നെ തങ്ങളുടെ ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ നൽകുകയും അതിൽ ആ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൃഷി വകുപ്പ് നിക്ഷേപിക്കുകയും ചെയ്യുന്നു. |
| (ബി) | ഈ പദ്ധതിയുടെ സവിശേഷതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) i) കാർഷിക വിജ്ഞാന വ്യാപന പ്രവർത്തകരായ കൃഷി ആഫീസർമാർക്ക് ഫീൽഡിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് ഇത് സഹായിക്കും.<br><br>ii) യഥാർത്ഥ ഗുണഭോക്താവിന് വളരെയെളുപ്പം ആനുകൂല്യമെത്തിക്കുവാൻ സാധിക്കും.<br><br>iii) സർക്കാർ സംവിധാനത്തിലെ പണം വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സഹായിക്കും.<br><br>iv) ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ എളുപ്പത്തിൽ ലഭ്യമാകുന്നതാണ്. |

v) കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നതിനായി പല പ്രാവശ്യം ഓഫീസ് കയറിയിറങ്ങുന്ന ബുദ്ധിമുട്ട് അവസാനിക്കും.

**(സി)** ഈ പദ്ധതി എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

**(ഡി)** സംസ്ഥാനത്ത് എല്ലായിടത്തും ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**(സി) & (ഡി)** സംസ്ഥാനമൊട്ടാകെ ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ